**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2328** **03-03-2025 - ൽ മറുപടിയ്ക്ക്**

**കർത്തേടം സെന്റ് ജോർജ്ജ് പള്ളിയുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വാർഡ്-8 മാലിപ്പുറം ജംഗ്ഷനിൽ കർത്തേടം സെന്റ് ജോർജ്ജ് പള്ളിയുടെ പേരിൽ എത്ര സെന്റ് വസ്തുവാണുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി കർത്തേടം സെന്റ് ജോർജ്ജ് പള്ളിയുടെ പേരിൽ ഫാദർ ഫ്രാൻസിസ് നിക്സൺ (വികാരി), ആൽഫ്രഡ് ഡി കുഞ്ഞ (കൈക്കാരൻ), ജോയ് പി.പി (കൈക്കാരൻ) എന്നിവർ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച 12.12.2023 തീയതിയിലെ അപേക്ഷയിൽ 84 ചതുരശ്ര മീറ്റർ എന്ന് രേഖപ്പെടുത്തി കാണുന്നു. |
| (ബി) | പ്രസ്തുത സ്ഥലത്താണോ കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്നും നിർമ്മാണത്തിന് പഞ്ചായത്ത് അനുമതി ലഭ്യമായിരുന്നോയെന്നും വ്യക്തമാക്കാമോ; | (ബി) | കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച അപേക്ഷ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്ന് അനുമതി നൽകുകയും പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പഞ്ചായത്ത് നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ള കെട്ടിടത്തിന്റെ സ്വഭാവം എന്തെന്ന് വ്യക്തമാക്കുമോ; | (സി) | വാണിജ്യാവശ്യം. |
| (ഡി) | പ്രസ്തുത കെട്ടിടത്തിന്റെ പ്രവർത്തനവും സ്വഭാവവും ആരാധനാലയത്തിന്റേതാണോ കൊമേഴ്സ്യൽ കെട്ടിടത്തിന്റേതാണോയെന്ന് വ്യക്തമാക്കാമോ; | (ഡി) | റിപ്പോർട്ട് ചെയ്തത് പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ പ്രവർത്തനവും സ്വഭാവവും കൊമേഴ്സ്യൽ കെട്ടിടത്തിന്റേതാണ് |
| (ഇ) | പ്രസ്തുത വിഷയം സംബന്ധിച്ച് എറണാകുളം തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് പരാതി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ? | (ഇ) | ഉണ്ട്.<br><br>പ്രസ്തുത വിഷയം സംബന്ധിച്ച് 21.01.2025 ന് എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ അന്വേഷണത്തിനും പരിശോധനയ്ക്കുമായി പരാതി ഇന്റേണൽ വിജിലൻസ് ഓഫീസർക്ക് കൈമാറുന്നതിന് എറണാകുളം തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ